● ശാന്തഗിരി ക്ഷേത്രത്തിലെ മോഷണം

മോഷ്ടാവിന്റെ വ്യക്തമായ സി.സി. ടിവി ദൃശ്യം ലഭിച്ചിട്ടും പ്രതിയെ കണ്ടെത്താനായില്ല

● അന്വേഷണം ഊർജിതമാക്കിയെന്ന് പോലീസ്

അടിമാലി: ടൗണിനു സമീപമുള്ള അടിമാലി ശാന്തകരി ശ്രീമഹേശ്വര ക്ഷേത്രത്തിൽ നടന്ന മോഷണത്തിൽ പ്രതിയുടെ വ്യക്തമായ സി.സി.ടിവി ദൃശ്യം ലഭിച്ചിട്ടും പ്രതിയെ കണ്ടെത്താനായില്ല. എന്നാൽ അന്വേഷണം ഊർജിതമാക്കിയെന്ന് പോലീസ് ആവർത്തിച്ചു.

കൊടിമരച്ചുവട്ടിലെ കാണിക്കവഞ്ചിയും വഴിപാട് കൗണ്ടറും കുത്തിത്തു റന്നാണ് മോഷണം നടത്തിയത്. എഴുപതിനായിരം രൂപയോളം കർവന്നു.

മോഷ്ടാവി ന്റെ വിശദമായ സി.സി.ടി.വി ദൃശ്യം പോലീസിന് ലഭിച്ചിരുന്നു. സമൂഹമാധ്യമങ്ങൾ വഴിയും വീഡിയോ പ്രചരിക്കുന്നുണ്ട്.

ഗേറ്റ് കടന്ന് മോഷ്ടാവ് അകത്ത് പ്രവേശിക്കു ന്നത് മുതൽ മോഷണം നടത്തി തിരികെ പോകുന്നതു വരെയുള്ള വിശദമായ വീഡിയോ ദൃശ്യങ്ങളാണ് ലഭിച്ചി രുന്നത്.

ഞായറാഴ്ച രാത്രി 11 മ ണിയോടെയായിരുന്നു സംഭവം. ക്ഷേത്രത്തിലെ സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്നാണ് മോഷ്ടാവിന്റെ ദൃശ്യങ്ങൾ ലഭിച്ചത്. ക്ഷേത്രം ഭാരവാഹികൾ നൽകിയ പരാതിയുടെ അടി സ്ഥാനത്തിൽ പോലീസ് സ്ഥലത്തെത്തി പരിശോധനയും നടത്തിയിരുന്നു.

പോലീസ്–ക്ഷേത്രം ഭാരവാഹികൾ സംയുക്ത പരിശോധനയിൽ വഴിപാട് കൗണ്ടറിലെ സെൽ ഫിൽ സൂക്ഷിച്ചിരുന്ന 60,048 രൂപയും കാണിക്കവഞ്ചി യിലുണ്ടായിരുന്ന ഏകദേശം 10,000 രൂപയുമാണ് നഷ്ടപ്പെട്ടതെന്ന് കണ്ടെത്തി.

മറ്റ് പോലീസ് സ്റ്റേഷനുകളിലേക്കും മോഷ്ടാവിന്റെ ചിത്രങ്ങൾ നൽകിയിട്ടുണ്ട്. സമാനമായ മോഷണങ്ങൾ മറ്റിടങ്ങളിൽ നടന്നത് സംബന്ധിച്ചുള്ള റിപ്പോർട്ടുകളും പോലീസ് തേടുന്നുണ്ട്. മോഷ്ടാവിനെ ഞായറാഴ്ച ബസ്റ്റാൻഡിൽ കണ്ടിരുന്നത് സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരച്ചു.



● അടിമാലി ശാന്തഗിരി ശ്രീമഹേശ്വര ക്ഷേത്രത്തിലെ വഴിപാട് കൗണ്ടറിൽ മോഷണം നടത്തുന്നതിനിടെ മോഷ്ടാവ് സി.സി.ടിവിയിൽ പതിഞ്ഞപ്പോൾ.

ജില്ലാതല പട്ടയമേള നാളെ

ഇടുക്കി: ജില്ലാതല പട്ടയമേളയുടെ ഉദ്ഘാടനം നാളെ റവന്യൂമന്ത്രി എ.പി. അനിൽ കുമാർ നിർവഹിക്കും. ചെറുതോണി പഞ്ചായത്ത് ടൗൺഹാളിൽ രാവിലെ 10.30ന് നടക്കുന്ന മേളയിൽ റോയ് കെ. പൗലോസ് എം.എൽ.എ അധ്യക്ഷത വഹിക്കും. ഗവ. ചീഫ് വിപ്പ് അപു ജോൺ ജോസഫ്, ഡീൻ കുര്യാക്കോസ് എം.പി, എം.എൽ.എമാരായ അഡ്വ. സേനാപതി വേണു, അഡ്വ. സിറിയക് തോമസ്, എഫ്.രാജ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല സ്റ്റീഫൻ, ജില്ലാകളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് തുടങ്ങിയവർ പങ്കെടുക്കും.

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായാണ് റവന്യൂവകുപ്പ് ജില്ലയിൽ പട്ടയ വിതരണം സംഘടിപ്പിക്കുന്നത്. വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയങ്ങൾ, വനാവകാശ രേഖകൾ എന്നിവ ചടങ്ങിൽ വിതരണം ചെയ്യും. മലയോര മേഖലയിലെ എല്ലാ കർഷകർക്കും കൈവശ ഭൂമിക്ക് സ്ഥായിയായ അവകാശം നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ജില്ലയിലെ സങ്കീർണമായ ഭൂമി പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികളാണ് റവന്യൂവകുപ്പ് സ്വീകരിച്ചുവരുന്നത്.

● ശരാശരി വില 3000ന് മുകളിൽ

സീസണിൽ പ്രതീക്ഷയോടെ ഏലം കർഷകർ

കട്ടപ്പന: ഓണത്തിനുപിന്നാലെ 3000 കടന്ന ഏലയ്ക്കാ വില സ്ഥിരത തുടരുന്നതിൽ പ്രതീക്ഷയർപ്പിച്ച് കർഷകർ. 10 ദിവസത്തിലേറെയായി ഉണക്ക ഏലക്കായുടെ ശരാശരി വില മൂവായിരത്തിനു മുകളിലാണ്.

പച്ച ഏലക്കായ്ക്ക് ഗ്രേഡ് അനുസരിച്ച് 450 മുതൽ 500 വരെ വില ലഭിക്കുന്നുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം മികച്ച വിലയാണ് ഇപ്പോൾ ലഭിക്കുന്നത്.

ഏറെ നാളായി 3000ത്തിനു താഴെ നിന്നിരുന്ന വില ഓഗസ്റ്റിൽ ഉയർന്നു തുടങ്ങിയിരുന്നു. ഓഗസ്റ്റിൽ ശരാശരി വില 3000 കടന്നെങ്കിലും ഇടയ്ക്ക് വിലയിൽ ഇടിവുണ്ടായി.

സെപ്റ്റംബർ ഒന്നിനു നടന്ന സൗത്ത് ഇന്ത്യൻ കാർഡമം കമ്പനിയുടെ ലേലത്തിൽ ശരാശരി വില 3055.47 ൽ എത്തി. പിന്നീട് അപൂർവം ദിവസങ്ങളിൽ മാത്രമാണ് ശരാശരി വില 3000ത്തിൽ താഴെയെത്തിയത്. ഈ മാസം 19ന് നടന്ന കാർഡമം ഗ്രോവേഴ്സ് ഫോർ എവർ പ്രൈവറ്റ് ലിമിറ്റഡിന്റെ ലേലത്തിൽ രേഖപ്പെടുത്തിയ 312.54 രൂപയാണ് സീസണിലെ ഏറ്റവും ഉയർന്ന ശരാശരി വില.



ഇന്നലെ നടന്ന കാർഡമം പ്ലാന്റേഴ്സ് മാർക്കറ്റിങ് കോർപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ലേലത്തിൽ ശരാശരി വില 3226.27 രേഖപ്പെടുത്തിയിട്ടുണ്ട്. 3960 രൂപയാണ് കൂടിയ വില.

സ്പൈസസ് ബോർഡ് ലേലത്തിൽ ശരാശരി വില 3000ത്തിനു മുകളിൽ നിൽക്കുന്നത് പൊതുവിപണിയിൽ വില ഉയർന്നു നിൽക്കുന്നതിനു കാരണമാകും. ചെറുകിട കർഷകർ അധികവും പച്ച യ്ക്ക് തന്നെ ഏലക്കാ വിൽക്കുകയാണ് പതിവ്.

ഉണങ്ങാനുള്ള ചിലവും സാമ്പത്തിക ആവശ്യങ്ങളും കാരണമാണ് പലപ്പോഴും ചെറുകിട കർഷകർ പച്ച ഏലക്കാ വിൽപ്പന നടത്തുന്നത്. വൻകിട കച്ചവടക്കാർ വിപണിയിൽ വീണ്ടും ഉണർവ് പ്രതീക്ഷിച്ച് കായ ഉണക്കി സൂക്ഷിക്കുന്നുണ്ട്. അതേസമയം കഴിഞ്ഞ ഒരു വർഷത്തിനിടെ ഏലക്കാവിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടില്ല. മുൻ വർഷങ്ങളിൽ വില പൊടുന്നനെ കൂടുകയും കുറയുകയും ചെയ്യുന്നത് കർഷകർക്ക് തിരിച്ചടിയായിരുന്നു. എന്നാൽ ഇപ്പോൾ വിലയിൽ സ്ഥിരത തുടരുന്നത് കർഷകർക്ക് ആശ്വാസമാണ്. അതേസമയം കാലാവസ്ഥയിലുണ്ടായ മാറ്റം ഏലച്ചെടികൾക്ക് വലിയ തിരിച്ചടിയാണ്. മഴ ലഭിക്കുന്നുണ്ടെങ്കിലും പകൽ അന്തരീക്ഷ താപനില ഉയർന്നു നിൽക്കുകയാണ്. ഇത് ഏലം കർഷകർക്ക് വലിയ തിരിച്ചടിയാണ് നൽകുന്നത്. വെള്ളം ലഭ്യമല്ലാത്ത കർഷകർക്ക് വിളവ് കുറയാനും ഇത് കാരണമാകുന്നുണ്ട്.



● സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടത്തിയ മാനദണ്ഡവിരുദ്ധ സ്ഥലംമാറ്റങ്ങൾക്കെതിരെ തൊടുപുഴയിൽ നടന്ന പ്രതിഷേധ യോഗം കെ.ജി.ഒ.എ. ജില്ലാ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

മാനദണ്ഡവിരുദ്ധ സ്ഥലംമാറ്റം: എഫ്.എസ്.ഇ.ടി.ഒ. പ്രതിഷേധിച്ചു

തൊടുപുഴ: സംസ്ഥാനത്തെ ഓഡിറ്റ് വകുപ്പിൽ ജോലിചെയ്യുന്ന ജീവനക്കാരെ മാനദണ്ഡവിരുദ്ധമായി സ്ഥലം മാറ്റിയ നടപടിയിൽ എഫ്.എസ്.ഇ.ടി.ഒ പ്രതിഷേധിച്ചു. മാനദണ്ഡപ്രകാരം അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം സ്ഥലം മാറ്റത്തിന് അർഹതയുള്ള ജീവനക്കാരെയാണ് സംസ്ഥാനത്താകെ തലങ്ങും വിലങ്ങും സ്ഥലം മാറ്റിയിട്ടുള്ളത്.

സിവിൽ സർവീസിൽ സാമ്പത്തിക സമാഹരണത്തിനുള്ള മാർഗമായി സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങളെ ഉപയോഗിക്കുന്ന നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിനെതിരെ തൊടുപുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിന് മുന്നിൽ നടന്ന പ്രതിഷേധ യോഗം കെ.ജി.ഒ.എ ജില്ലാ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കേരള എൻ.ജി.ഒ യൂണിയൻ തൊടുപുഴ വെസ്റ്റ് ഏരിയാ ജോയിന്റ് സെക്രട്ടറി ജി.എസ്. ഹരികൃഷ്ണൻ പ്രസംഗിച്ചു.



● സമസ്ത ആദർശ സമ്മേളനം കേന്ദ്ര മുശാവറ അംഗം അബ്ദുൽ സലാം ബാഖവി വടക്കേക്കാട് ഉദ്ഘാടനം ചെയ്യുന്നു.

സമസ്ത ആദർശ സമ്മേളനം

തൊടുപുഴ: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആദർശ സമ്മേളനം സംഘടിപ്പിച്ചു.

കാരിക്കോട് നൈനാർ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം സമസ്ത കേന്ദ്ര മുശാവറ അംഗം അബ്ദുൽ സലാം ബാഖവി വടക്കേക്കാട് ഉദ്ഘാടനം ചെയ്തു. ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ പ്രസിഡന്റ് അബ്ദുറഹ്മാൻ സഅദി അധ്യക്ഷനായി. ജസീൽ കമാലി അരക്കുപറമ്പ് പ്രമേയ പ്രഭാഷണം നിർവഹിച്ചു.

കെ.ഇ മുഹമ്മദ് മുസ്ലിയാർ, അബ്ദുൾ കബീർ റഷാദി, അബ്ദുൽ ജലീൽ ഫൈസി, മുഹമ്മദ് ഹനീഫ് കാശിഫി, പി.ഇ മുഹമ്മദ് ഫൈസി, പി.എസ് സുബൈർ, മുഹമ്മദ് ഹാഷിം ബാഖവി, തുടങ്ങിയവർ പ്രസംഗിച്ചു.

മുഹമ്മദ് റഫീഖ് ബാഖവി, അബ്ദുല്ലത്തീഫ് ബാഖവി, നിയാസ് ഖാസിമി, അഷ്റഫ് ഫൈസി, ബഷീർ ബാഖവി, അബ്ദുൾ കരീം മൗലവി, സലിം അൻവരി, ഷാനവാസ് ഖാസിമി, അബ്ദുൾ മജീദ് ഹസനി, പി.ഇ ഹുസൈൻ, അൻഫാൽ വാഫി, അൻസാർ ഏഴല്ലൂർ, അബ്ദുൾ കബീർ മൗലവി, ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ ജനറൽ സെക്രട്ടറി അബ്ദുൽ കരീം മൗലവി, അബ്ദുൽ കബീർ മൗലവി എന്നിവർ പ്രസംഗിച്ചു.



● നിയന്ത്രണം നഷ്ടപ്പെട്ട് ക്രാഷ് ബാരിയറിലിടിച്ച് ഏലത്തോട്ടത്തിലേക്ക് മറിഞ്ഞ ബൈക്ക്.

ബൈക്ക് ഏലത്തോട്ടത്തിലേക്ക് മറിഞ്ഞു

കുഞ്ചിത്തണ്ണി: നിയന്ത്രണം നഷ്ടപ്പെട്ട ബൈക്ക് ക്രാഷ് ബാരിയറിലിടിച്ച് ഏലത്തോട്ടത്തിലേക്ക് മറിഞ്ഞെങ്കിലും ആർക്കും പരുക്കില്ല. ചെമ്മണ്ണാർ – ഗ്യാപ്പ് റോഡിൽ ചൊക്രമുടി ഭാഗത്താണ് കഴിഞ്ഞദിവസം രാവിലെ 10 ന് അപകടം നടന്നത്. ചൊക്രമുടിയിലെ നീലക്കുറിഞ്ഞി കാണാൻ വന്നവരുടെ ഇരുചക്രവാഹനമാണ് അപകടത്തിൽപ്പെട്ടത്.

ഗ്യാപ്പ് റോഡ് ഭാഗത്ത് നീലക്കുറിഞ്ഞി കണ്ടതിനു ശേഷം ബൈസൺവാലിക്ക് വരുമ്പോൾ കൊടും വളവിലും കുത്തിറക്കത്തിലും ബൈക്ക് നിയന്ത്രണം നഷ്ടപ്പെട്ട് ക്രാഷ് ബാരിയർ ഇടിച്ച് ഏലത്തോട്ടത്തിലേക്ക് മറിയുകയായിരുന്നു. 2024ൽ ചെമ്മണ്ണാർ ഗ്യാപ്പ്റോഡ് നിർമാണം പൂർത്തിയായതിനു ശേഷം ബൈസൺവാലി ചൊക്രമുടിഭാഗത്ത് നടക്കുന്ന 70–മത് അപകടം ആണിത്.

കൗൺസലർ നിയമനം

ഇടുക്കി: പട്ടികജാതി വികസന വകുപ്പിനു കീഴിൽ പീരുമേട് പ്രവർത്തിക്കുന്ന ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ (തമിഴ് മീഡിയം) കൗൺസലർമാരെ നിയമിക്കുന്നതിന് സോഷ്യൽ വർക്ക് സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പ്രവർത്തിപരിചയവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. രണ്ട് ഒഴിവുകളാണുള്ളത്. (ആൺ 1, പെണ്ണ് 1). പ്രതിമാസ വേതനം ഇരുപതിനായിരം രൂപ. വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (പ്രവർത്തിപരിചയം കാണിക്കുന്നത് ഉൾപ്പെടെ)എന്നിവ സഹിതം 30ന് അഞ്ചിന് മുമ്പായി ജില്ലാ പട്ടികജാതി വികസന ഓഫീസ്, കലക്ടറേറ്റ്, പൈനാവ് പി.ഒ, ഇടുക്കി എന്ന വിലാസത്തിൽ ലഭ്യമാക്കണം. നിയമനം താൽക്കാലികമായിരിക്കും. ഫോൺ: 04862 96297.

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).....

ഇടുക്കി, അടിമാലി, 0102610700058604,9496,9503,9535, 9537, 9538, 0102610730026281,6304,6352,6369, 6377, 6387, ഇരുമ്പുപാലം, 0132900700034307,4347,5424,5514, 5528, 5537, 5538, 5539,5541, 5543, 5549, 5560,0132900730012357,2362,2398,2419,2420,2427,2455,2459, കട്ടപ്പന, 0103040700030430, 0461,0103040730008379,8380,8381,8382, നെടുങ്കണ്ടം, 0105520700025994, 6010,0105520730006609, രാജകുമാരി, 0117500730008642, രാജകുമാരി,0130860700023435,3437,4137,4168,0130860730007859,7923,7925, 7974, 7982, 0167, തൊടുപുഴ, 0103100700783321, 3367,3398, 3411, 3430, 3441,0103100730012666,5372,5373,5507, 5508, 5520, 5521, 5522,5525, 5588, 5591, 5592, 5593,5606, 5608, 5609, 5615, 5633,5637, ഉടുമ്പൻചോല, 0117280700026684,7357,7413,7422,0117280730007341,7375,7388, 7389, 7399, 7408, 7413, ഉടുമ്പാറ, 0131340700017037,0131340730005846,5913,5948,5949,5950,5963,5977,

മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിഷ്യറുന്നവ പാലിക്കേതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിലെ, ആശുപത്രി വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വിദഗ്ധ സമിതിയുടെ കൂടിക്കാഴ്ചയുടെ റിപ്പോർട്ടും ശുപാർശയും.

പീരുമേട് താലൂക്കിലെ ആശുപത്രി വികസനത്തിനായി കൈറോസ്, കണ്ണൂർ എന്ന സ്ഥാപനം നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വിദഗ്ധ സമിതി ഇടുക്കി കലക്ടറേറ്റിൽ എൽ.എ. ഡെപ്യൂട്ടി കലക്ടറുടെ ചേംബറിൽ വെച്ച് 14.07.2026, രാവിലെ 11 മണിക്ക് കൂടുകയും സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. ഈ യോഗത്തിൽ വിദഗ്ധ സമിതി അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ഈ യോഗത്തിന്റെ പ്രധാന ലക്ഷ്യം മേല്പറഞ്ഞ റിപ്പോർട്ട് ചർച്ച ചെയ്യുകയും അതിന്മേൽ നിർദേശിച്ചിട്ടുള്ള കാര്യങ്ങളെ ആസ്പദമാക്കി ശുപാർശകൾ, ഇടുക്കി ജില്ലാ കലക്ടർ മുമ്പാകെ സമർപ്പിക്കാൻവേണ്ടിയും ആയിരുന്നു.

സമിതി അംഗങ്ങൾ

ശ്രീമതി ആൻ ഷാരോൺ കാപ്പൻ (ചെയർപേഴ്സൺ) സാമൂഹിക ശാസ്ത്രജ്ഞ.
ഡോ. അരുൺ കുമാർ ടി.എ., സാമൂഹിക ശാസ്ത്രജ്ഞൻ.
ശ്രീ. ഷൈജു പി. ജേക്കബ്, ഡെപ്യൂട്ടി കലക്ടർ എൽ.എ. ആൻഡ് എൽ. ആർ. ഇടുക്കി.
ഡോ. നിരഞ്ജൻ പാലയ്ക്കൽ ആർ.എം.ഒ., താലൂക്ക് ആശുപത്രി പീരുമേട്.
ടി.പി. സഞ്ജയൻ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തൊടുപുഴ
ഡോ. ആതിര കെ. ഷിബു, 13 വാർഡ് മെമ്പർ, പീരുമേട്.

റിപ്പോർട്ട്

ആശുപത്രിയുടെ വികസനം അത്യാവശ്യമാണെന്നും അത് ജനങ്ങൾക്കും ശബരിമല യാത്രക്കാർക്കും ഏറെ ഗുണം ചെയ്യുമെന്നും വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഏറ്റെടുക്കുന്ന 0.3360 ഹെക്ടർ സ്ഥലം ഒരു വ്യക്തിയുടെ ഉടമസ്ഥ അവകാശത്തിൽ പെട്ടതാണെന്നും, ആ വ്യക്തിക്ക് സ്ഥലം കൈമാറുന്നതിൽ എതിർപ്പൊന്നും ഇല്ലെന്നും വിദഗ്ധ സമിതി ചർച്ച ചെയ്തു. സ്ഥലം ഉടമയ്ക്ക് എൽ.എ.ആർ.ആർ. നിയമം പ്രകാരമുള്ള അർഹമായ നഷ്ടപരിഹാരം നൽകണമെന്നും വിദഗ്ധ സമിതി അഭിപ്രായപ്പെട്ടു. എൽ.എ.ആർ.ആർ. പ്രകാരം 0.3360 ഹെക്ടർ സ്ഥലം ഏറ്റെടുത്തു. പീരുമേട് താലൂക്ക് ആശുപത്രിയുടെ വികാസം സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ശുപാർശകൾ അംഗീകരിച്ചു മുന്നോട്ടു പോകണമെന്നും വിദഗ്ധ സമിതി ഏകകണ്ഠമായി നിർദേശിച്ചു.

എന്ന്, വിദഗ്ധ സമിതിക്കുവേണ്ടി
ഒപ്പ്
ആൻ ഷാരോൺ കാപ്പൻ
ചെയർപേഴ്സൺ
23 ജൂലൈ 2026

ഭാരതീയ സ്റ്റേറ്റ് ബാങ്ക്
SBI SME എറണാകുളം
ഒന്നാം നില, ജോയ്സ് ബിൽഡിംഗ്, പത്മ ജംഗ്ഷന് സമീപം, എറണാകുളം - 682035.
ഫോൺ: 0484 - 2355133. ഇ - മെയിൽ: sbi.05387@sbi.co.in

വായ്പക്കാർ/ജാമ്യക്കാർക്കുള്ള ഡിമാന്റ് നോട്ടീസ്

സെക്യൂരിറ്റൈസേഷൻ & റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002 ലെ സെക്ഷൻ 13 (2) പ്രകാരമുള്ള നോട്ടീസ്

വായ്പക്കാർ: **M/s. C T C** ഗ്രൂപ്പ്, S65, 11 1365 KSHB ഷോപ്പിംഗ് കോംപ്ലക്സ്, കട്ടപ്പന, ഇടുക്കി, കേരളം - 685515 ജാമ്യക്കാരായ :(1) ശ്രീ. സിബി വർക്കി, (2) ശ്രീമതി ഷീന ഫിലിപ്പ്, (3) ശ്രീ. അതുൽ ജോർജ്, (4) ശ്രീമതി അഞ്ജിത ജോർജ്

ബാങ്കിന്റെ **SME എറണാകുളം ശാഖയിൽ** നിന്നും എടുത്തിട്ടുള്ള ടേം വായ്പയിൽ കടക്കാരായ നിങ്ങളിൽ നിന്നും ലഭിക്കുവാനുള്ള 02.09.2026 ലെ തുകയായ രൂപ **8,04,03,634.88 (എട്ട് കോടി നാല് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്തിനാല് രൂപ എൺപത്തി എട്ട് പൈസ)**യും കരാർ പ്രകാരം 03-09-2026 മുതലുള്ള പലിശയും മറ്റ് ആകസ്മിക ചെലവുകളും തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ട് ബാങ്കിൽ നിന്നും നൽകിയ അപേക്ഷകൾക്ക് മറുപടി ലഭിക്കാതിരിക്കുകയും മേൽ പറഞ്ഞ തുക **30-08-2026** മുതൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002 സർഫാസി നിയമത്തിന്റെ 13(2) വകുപ് പ്രകാരം കടക്കാരായ നിങ്ങൾ ബാങ്ക് നൽകിയ നോട്ടീസിൽ പറഞ്ഞ തുകയ്ക്കും പലിശയ്ക്കും മറ്റ് ചിലവുകൾക്കും ബാധ്യസ്ഥരായിരിക്കുന്നു.

05-09-2026 - ാം തീയതി ബാങ്കിൽ നിന്നും രജിസ്റ്റേർഡ് തപാലിൽ നിങ്ങൾക്ക് അയച്ച നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നതിനാലാണ് ഈ പത്രപ്രസ്യം നൽകുന്നത്. സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 സർഫാസി നിയമത്തിന്റെ 13(2) വകുപ് പ്രകാരം മേൽപ്പറഞ്ഞ തുക ഈ നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം ബാങ്കിൽ അടച്ച് ബാധ്യത തീർക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ടി തുക ഈടാക്കിയെടുക്കുന്നതിനായി സർഫാസി നിയമത്തിന്റെ 13(4) - ാം വകുപ് പ്രകാരം ബാങ്കിന് അധികാരമുള്ളതും താഴെപറയുന്ന പട്ടിക വസ്തു കൈവശമെടുത്ത് വിൽപന നടത്തുന്നതടക്കമുള്ളനടപടികൾ സ്വീകരിക്കുന്നതുമാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി ആക്ടിന്റെ സെക്ഷൻ 13 സബ് സെക്ഷൻ (13) പ്രകാരം താങ്കൾ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള താഴെ കാണിച്ച വസ്തു ബാങ്കിന്റെ മുൻകൂർ അനുവാദമില്ലാതെ വിൽക്കുകയോ, പാട്ടത്തിന് നൽകുകയോ മറ്റ് യാതൊരു വിധത്തിലുള്ള ക്രയ വിക്രയങ്ങളും ചെയ്യരുതെന്ന് ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

സെക്ഷൻ 13 (8) വകുപ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തുവിന്മേലുള്ള കുടിശ്കിതുകയും പലിശയും മറ്റ് ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപനയുടെ പത്രപരസ്യ തീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. അല്ലാത്തപക്ഷം ട്രേഷൻ/ടൈറ്റിലുകൾ വിളിച്ച് വസ്തു പൊതുലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സ്ഥാവര വസ്തുക്കളുടെ വിശദവിവരണം:

ദേവികുളം സബ് രജിസ്ട്രാർ ഓഫീസിലെ 20.07.2022 ലെ 1804/2022 - ാം നമ്പർ വിലയാധാരപ്രകാരം ഇടുക്കി ജില്ലയിൽ, കട്ടപ്പന ഉപജില്ലയിൽ, കട്ടപ്പന വില്ലേജിൽ M/s. C T C ഗ്രൂപ്പ് പേരിലുള്ള സർവേ നം. 19